പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1999 19.06.2012 -ലെ മറുപടി

താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിലെ താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. താമരശ്ശേരി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ വനിതകൾക്കായി Gender Sensitive Scheme -ൽ ഉൾപ്പെടുത്തി ലേഡീസ് പാസഞ്ചേഴ്സ് വെയിറ്റിംഗ് കം ടോയ്‌ലറ്റ് ബ്ലോക്കിന്റെ പണി പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. |
| (ബി) | എൻ. എച്ച്. 212 -നോട് ചേർന്ന് കിടക്കുന്ന ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | നിലവിലുള്ള കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പതിമൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര ബസുകളാണ് ഇവിടെ സർവ്വീസ് നടത്തുന്നത്; | (ഡി) | 13 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എട്ട് (8) ബസ്സുകൾ താമരശ്ശേരി ഡിപ്പോയിൽ ഉണ്ട്. |
| (ഇ) | ഇവയ്ക്ക് പകരം പുതിയ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ഒരു ബസ് 15 വർഷം വരെ സ്റ്റേജ് ക്യാരേജായി ഓടിക്കാവുന്നതാണ്. നിലവിൽ ഓടുന്ന പഴയ ബസ്സുകൾ സ്ക്രാപ്പ് ചെയ്യുകയോ, പിൻവലിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത ഡിപ്പോയിലെ ശരാശരി വരുമാനം എത്രയാണ്; വരുമാനം വർദ്ധിപ്പിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ; | (എഫ്) | പ്രസ്തുത ഡിപ്പോയിലെ പ്രതിദിന ശരാശരി വരുമാനം 4,15,850/- രൂപയാണ്. ഷെഡ്യൂൾ പുനഃക്രമീകരിച്ചും പുതിയ സർവ്വീസുകൾ ആരംഭിച്ചും വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ജി) | കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസുകൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സർവ്വീസ് നടത്തുന്നത്; | (ജി) | JnNURM പദ്ധതിയിൽപ്പെട്ട ലോ ഫ്ളോർ ബസ്സുകൾ നിലവിൽ അനുവദിക്കപ്പെട്ടതു പ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത്. |
| (എച്ച്) | കോഴിക്കോട്- അടിവാരം (എൻ.എച്ച്. 212) റൂട്ടിൽ ലോ ഫ്ളോർ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എച്ച്) | JnNURM പദ്ധതിയിൽപ്പെട്ട ലോ ഫ്ളോർ ബസ്സുകൾ നിലവിൽ തിരുവനന്തപുരം, എറണാകുളം ജില്ലകൾക്കാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽപ്പെട്ട ബസ്സുകൾ കോഴിക്കോട് ജില്ലക്ക് അനുവദിച്ചിട്ടില്ല. അക്കാരണത്താൽ കോഴിക്കോട് - അടിവാരം റൂട്ടിൽ പ്രസ്തുത സർവ്വീസ് നടത്താൻ കഴിയില്ല. |

(signature)

സെക്ഷൻ ഓഫീസർ